## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5217. 30.06.2014 ൽ മറുപടിയ്ക്ക്.

ചുവന്ന ബീക്കൺ ലൈറ്റുകൾ ഉപയോഗിക്കുന്നതിനുള്ള അധികാര പരിധി

| ചോദ്യം<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | രാജ്യത്ത് ചുവന്ന ബീക്കൺ ലൈറ്റുകൾ ഭരണഘടനാ പദവിയിലുള്ളവർ മാത്രമേ ഉപയോഗിക്കാവൂ എന്ന് സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) | വാഹനങ്ങളിലെ ബീക്കൺ ലൈറ്റുകളുടെ ഉപയോഗം ഭരണനിർവ്വഹണ സമിതി, നിയമനിർമ്മാണസഭ, നീതിനിർവ്വഹണ സംവിധാനം എന്നിവയിലെ തലവൻമാർക്ക് മാത്രമായി പരിമിതപ്പെടുത്തുവാനുള്ള നടപടികൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സ്വീകരിക്കണമെന്ന് സുപ്രീംകോടതി 04/04/2013 ലെ ഇടക്കാല ഉത്തരവിലൂടെ നിർദ്ദേശിക്കുകയുണ്ടായി. |
| (ബി) | എങ്കിൽ ഭരണഘടനാ പദവിയിലുള്ള എത്രപേർ സംസ്ഥാനത്തുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (ബി) | 1. കേരളാ ഗവർണ്ണർ<br>2. കേരള മുഖ്യമന്ത്രി<br>3. കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ്<br>4. കേരള നിയമസഭാ സ്പീക്കർ<br>5. കേരള നിയമസഭാ പ്രതിപക്ഷ നേതാവ്<br>6. കേരള സംസ്ഥാന മന്ത്രിമാർ<br>7. കേരള സംസ്ഥാന ആസൂത്രണ കമ്മീഷൻ ഉപാധ്യക്ഷൻ<br>8. കേരള ഹൈക്കോടതി ജഡ്ജിമാർ<br>9 സംസ്ഥാന അഡ്വക്കേറ്റ് ജനറൽ |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് ബീക്കൺ ലൈറ്റ് ഉപയോഗിക്കാൻ അർഹത ഉള്ളവരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ; | (സി) | ഉണ്ട്<br><br>19-03-2014 തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 28/2014/ട്രാൻ, എന്ന ഉത്തരവ് പ്രകാരം താഴെ പറയുന്ന പദവി വഹിക്കുന്നവർക്ക് ഫ്ലാഷറോട്ടു കൂടിയ ചുവന്ന ബീക്കൺ ലൈറ്റ് ഉപയോഗിക്കുന്നതാണ്.<br>1. കേരള ഗവർണ്ണർ<br>2. കേരള മുഖ്യമന്ത്രി<br>3. കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ്<br>4. കേരള നിയമസഭാ സ്പീക്കർ<br>5. കേരള നിയമസഭാ പ്രതിപക്ഷ നേതാവ്<br>6. കേരള സംസ്ഥാന മന്ത്രിമാർ<br>7. കേരള സംസ്ഥാന ആസൂത്രണ കമ്മീഷൻ ഉപാധ്യക്ഷൻ<br>8. കേരള ഹൈക്കോടതി ജഡ്ജിമാർ<br><br>ടി ഉത്തരവ് പ്രകാരം താഴെ പറയുന്ന പദവി വഹിക്കുന്നവർക്ക് ഫ്ലാഷറില്ലാത്ത ചുവന്ന ബീക്കൺ ലൈറ്റ് ഉപയോഗിക്കാവുന്നതാണ്.<br><br>1. കേരള നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ<br>2. കേരള സർക്കാർചീഫ് സെക്രട്ടറി<br>3. അഡ്വക്കേറ്റ് ജനറൽ<br>4. കേരള സംസ്ഥാന ഇലക്ഷൻ കമ്മീഷണർ<br>5. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ<br>6. കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ<br>7. കേരള സംസ്ഥാന പട്ടിക ജാതി, പട്ടിക വർഗ്ഗ കമ്മീഷൻ ചെയർമാൻ |

| | | | |
|---|---|---|---|
| | | | 07.06.2014-ലെ സർക്കാർ ഉത്തരവ് അച്ചടി നം.41/2014/ഗതാ പ്രകാരം താഴെ പറയുന്നവർക്ക് ഫ്ലാഷറോട്ടു കൂടിയതോ അല്ലാത്തതോ ആയ നീല ബീക്കൺ ലൈറ്റ് ഉപയോഗിക്കാവുന്നതാണ്.<br>1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങൾ<br>2. കേരള സംസ്ഥാന ആസൂത്രണ ബോർഡ് അംഗങ്ങൾ<br>3. ഗവൺമെന്റ് ഓഫ് കേരള സെക്രട്ടറിമാർ<br>4. ജില്ലാ ജഡ്ജിമാർ<br>5. ജില്ലാ കളക്ടർമാർ<br>6. നോർക്ക റൂട്ട്സ് വൈസ് ചെയർമാൻമാർ<br>7. ഡിസ്ട്രിക്ട് പോലീസ് ചീഫ് പദവിയിലുള്ളതോ, അതിന് മുകളിലുള്ളതോ ആയ പോലീസ് ഓഫീസർമാർ<br>8. ട്രാൻസ്പോർട്ട് കമ്മീഷണർ<br>9. എസ്കോർട്ടായോ, പൈലറ്റായോ ഉപയോഗിക്കുന്ന പോലീസ് വാഹനങ്ങൾ<br><br>താഴെ പറയുന്ന വിഭാഗങ്ങൾക്ക് ചുവപ്പ്, നീല, വെള്ള തുടങ്ങിയ നിറങ്ങളുള്ള മൾട്ടി കളർ ബീക്കൺ ലൈറ്റ് ഉപയോഗിക്കാവുന്നതാണ്.<br>തങ്ങളുടെ ചുമതല നിർവ്വഹിക്കുന്നതിന് ഇടതടവില്ലാതെ റോഡുകളിൽ സഞ്ചരിക്കേണ്ടതായുള്ള ഓപ്പറേഷണൽ ഏജൻസികൾ, അടിയന്തിരസേവനം ലഭ്യമാക്കുന്ന ആംബുലൻസ് സർവ്വീസ്, ഫയർ സർവ്വീസ്, എമർജൻസി മെയിന്റനൻസ് മുതലായവ, ലോ ആന്റ് ഓർഡർ ഡ്യൂട്ടിയ്ക്കുപയോഗിക്കുന്ന പോലീസ് വാഹനങ്ങൾ .<br>കൂടാതെ 19.03.2014-ലെ സർക്കാർ ഉത്തരവ് (അച്ചടി) നം. |

| | | | |
|---|---|---|---|
| | | | 28/2/2014 പ്രകാരം ഫ്ലാഷറോടുകൂടിയതും അല്ലാത്തതുമായ ചുവന്ന ബീക്കൺ ലൈറ്റ് ഉപയോഗിക്കുവാൻ അർഹതയുള്ള പദവിയ്ക്ക് തത്തുല്യമായ പദവിയും അധികാരവും നിർവ്വചിച്ച നൽകിയിട്ടുള്ള വിശിഷ്ട വ്യക്തികൾക്ക് അവരുടെ യഥാവിധിയുള്ള സ്ഥാനത്തിന് അനുസൃതമായി ചുവന്ന ബീക്കൺ ലൈറ്റ് ഉപയോഗിക്കാവുന്നതാണ്. |
| (ഡി) | അർഹതയില്ലാത്തവർ ബീക്കൺ ലൈറ്റ് ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ? | (ഡി) | പരിശോധിക്കുന്നുണ്ട്.<br>ഇതു സംബന്ധിച്ച് നിർദ്ദേശങ്ങൾ സ്റ്റേറ്റ് പോലീസ് ചീഫിനും ഗതാഗത കമ്മീഷണർക്കും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.